പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2383 – 18/12/2012 ലെ
മറുപടിക്ക്

**കേരള സ്വയം സംരംഭക മിഷൻ**

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി. |
| (എ) | സംസ്ഥാനത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കേരള സ്വയം സംരംഭക വികസന മിഷൻ ഇതുവരെയായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | 01.12.2012 ലെ കണക്കുകൾ പ്രകാരം കേരള സംസ്ഥാന സംരംഭക വികസന മിഷനിൽ 845 (എണ്ണൂറ്റിനാൽപ്പത്തി അഞ്ച്) സംരംഭകർ ഉൾപ്പെടുന്ന 337(മുന്നൂറ്റി മുപ്പത്തിയേഴ്) സംരംഭക ഗ്രൂപ്പുകൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയുണ്ടായി. ഇതിൽ 241(ഇരുന്നൂറ്റിനാൽപ്പത്തി ഒന്ന്) സംരംഭകർ ഉൾപ്പെടുന്ന 94 (തൊണ്ണൂറ്റിനാല്) സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുകയും അതിൽ 83 (എൺപത്തി മൂന്ന്) സംരംഭകർ ഉൾപ്പെടുന്ന 35 (മുപ്പത്തിയഞ്ച്) വ്യവസായ സംരംഭങ്ങൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ബാക്കി സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കൂടുതൽ സംരംഭകരെ ഉൾപ്പെടുത്തുന്നതിനായി രജിസ്ട്രേഷൻ ഓൺലൈനായി നടക്കുന്നു. സംരംഭകരുടെ തെരഞ്ഞെടുപ്പും പരിശീലനവും വായ്പ അനുവദിക്കലും ഒരു തുടർ പ്രക്രിയയായി പുരോഗമിക്കുകയാണ്. |

| | | |
|---|---|---|
| (ബി) | ഇതുവരെയായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; എത്ര സംരംഭകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; എത്ര രൂപ ചെലവഴിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ? | 01.12.2012 ലെ കണക്കുകൾ പ്രകാരം 35(മുപ്പത്തിയഞ്ച്) വ്യവസായ സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 83 (എൺപത്തിമൂന്ന്) സംരംഭകരാണ് ഉൾപ്പെടുന്നത്. മിഷന്റെ പലിശ സബ്സിഡി ഉൾപ്പെടെയുള്ള ചെലവുകൾക്കായി സർക്കാർ ഇതുവരെ 19,89,12,500/ രൂപ (പത്തൊമ്പത് കോടി എൺപത്തി ഒമ്പത് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ) പദ്ധതിയുടെ നോഡൽ ഏജൻസിയായ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന് നൽകിയിട്ടുണ്ട്. സംരംഭകർക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ അനുവദിച്ച വായ്പാതുകയും ബാങ്കുകൾ അനുവദിച്ച വായ്പകൾക്കുള്ള പലിശയും മറ്റു ചെലവുകളും ഉൾപ്പെടെ, മിഷന് 31.07.2012 വരെ 10.09 കോടി രൂപയാണ്(പത്ത് കോടി ഒമ്പത് ലക്ഷം രൂപ) ചെലവായത്. പ്രവർത്തനമാരംഭിച്ച സംരംഭങ്ങളുടെയും സംരംഭകരുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത 2383-ാം നമ്പർ നിയമസഭാചോദ്യത്തിന്റെ
(ബി) പിരിവിന്റെ അനുബന്ധം

| ജില്ല | സംരംഭങ്ങളുടെ എണ്ണം | സംരംഭകരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 9 | 18 |
| കൊല്ലം | 5 | 9 |
| പത്തനംതിട്ട | 1 | 1 |
| കോട്ടയം | 3 | 12 |
| ആലപ്പുഴ | 1 | 1 |
| എറണാകുളം | 5 | 17 |
| ഇടുക്കി | 4 | 9 |
| തൃശ്ശൂർ | 1 | 4 |
| മലപ്പുറം | 1 | 1 |
| പാലക്കാട് | 1 | 1 |
| വയനാട് | 2 | 7 |
| കണ്ണൂർ | 2 | 3 |
| ആകെ | 35 | 83 |

സെക്ഷൻ ഓഫീസർ